**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **10-10-2024 - ൽ മറുപടിയ്ക്ക്**

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കും അതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുമായുള്ള പുതുക്കിയ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡത്തിലെ പുത്തൂർ -ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട അലൈൻമെന്റ് നിലവിൽ അന്തിമമായി തീരുമാനിച്ചിട്ടില്ല. ആദ്യ അലൈൻമെന്റ് പ്രകാരം ഐ.ആർ.സി മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രേഡിയന്റ് കൊടുത്തുകൊണ്ട് ടി റോഡ് ഡിസൈൻ ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നും, അലൈൻമെന്റിൽ മാറ്റങ്ങൾ ആവശ്യമാണ് എന്നും ഡിസൈൻ വിംഗ് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ അലൈൻമെന്റ് കണക്കിലെടുത്ത് കൊണ്ട് തന്നെ പ്രയോഗികമായ ഗ്രേഡിയന്റിൽ നിർമ്മിക്കാവുന്ന രണ്ട് പ്രൊപ്പോസലുകൾ തയ്യാറാക്കിയിരുന്നെങ്കിലും ആയത് ഐ.ആർ.സി അനുശാസിക്കുന്ന ഗ്രേഡിയന്റ് പ്രകാരമല്ലാത്തതിനാൽ അംഗീകരിച്ചിട്ടില്ല. 16/09/2023-ന് കോട്ടക്കൽ എം.എൽ.എ യുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ എം.എൽ.എ-യും നാട്ടുകാരും കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് പ്രായോഗികമല്ല എന്നും പുതിയ അലൈൻമെന്റ് പ്രെപ്പോസ് ചെയ്ത് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുകയെന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അറിയിക്കുകയുണ്ടായി.<br><br>നിർദ്ദിഷ്ട അലൈൻമെന്റിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്ന രീതിയിലാണ് പുതിയ ഡിസൈൻ തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ നേരത്തെയുണ്ടായിരുന്ന അലൈൻമെന്റിലെ ഗ്രേഡിയന്റിൽ നേരിയ വ്യത്യാസങ്ങൾ വരുത്തി തയ്യാറാക്കിയ പ്രൊപ്പോസൽ അംഗീകരിച്ചാൽ മാത്രമേ മേൽ ബൈപ്പാസിന് അധിക സ്ഥലമേറ്റെടുക്കാത്ത രീതിയിൽ അതേ അലൈൻമെന്റിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധ്യമാവുകയുള്ളൂ. തയ്യാറാക്കിയിട്ടുള്ള ഡിസൈൻ |

| | | | |
|---|---|---|---|
| | | | പ്രകാരം 600 mm നീളത്തിൽ IRC നിഷ്കർഷിക്കുന്ന 1 in 12.7 എന്ന ഗ്രേഡിയെന്റിനെക്കാളും താഴ്ന്ന 1 in 11.4 മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ. മേൽ വിഷയത്തിൽ ഉചിതമായ നിർദ്ദേശം നൽകണമെന്ന ചീഫ് എഞ്ചിനീയറുടെ അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ -ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട അലൈൻമെന്റ് നിലവിൽ അന്തിമമായി തീരുമാനിച്ചിട്ടില്ല. ആദ്യ അലൈൻമെന്റ് പ്രകാരം ഐ.ആർ.സി മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രേഡിയന്റ് കൊടുത്തുകൊണ്ട് ടി റോഡ് ഡിസൈൻ ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നും, അലൈൻമെന്റിൽ മാറ്റങ്ങൾ ആവശ്യമാണ് എന്നും ഡിസൈൻ വിംഗ് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ അലൈൻമെന്റ് കണക്കിലെടുത്ത് കൊണ്ട് തന്നെ പ്രയോഗികമായ ഗ്രേഡിയന്റിൽ നിർമ്മിക്കാവുന്ന രണ്ട് പ്രൊപ്പോസലുകൾ തയ്യാറാക്കിയിരുന്നെങ്കിലും ആയത് ഐ.ആർ.സി അനുശാസിക്കുന്ന ഗ്രേഡിയന്റ് പ്രകാരമല്ലാത്തതിനാൽ അംഗീകരിച്ചിട്ടില്ല. 16/09/2023-ന് കോട്ടക്കൽ എം.എൽ.എ യുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ എം.എൽ.എ-യും നാട്ടുകാരും കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് പ്രായോഗികമല്ല എന്നും പുതിയ അലൈൻമെന്റ് പ്രെപ്പോസ് ചെയ്ത് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുകയെന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അറിയിക്കുകയുണ്ടായി.<br><br>നിർദ്ദിഷ്ട അലൈൻമെന്റിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്ന രീതിയിലാണ് പുതിയ ഡിസൈൻ തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ നേരത്തെയുണ്ടായിരുന്ന അലൈൻമെന്റിലെ ഗ്രേഡിയന്റിൽ നേരിയ വ്യത്യാസങ്ങൾ വരുത്തി തയ്യാറാക്കിയ പ്രൊപ്പോസൽ അംഗീകരിച്ചാൽ മാത്രമേ മേൽ ബൈപ്പാസിന് അധിക സ്ഥലമേറ്റെടുക്കാത്ത രീതിയിൽ അതേ അലൈൻമെന്റിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധ്യമാവുകയുള്ളൂ. തയ്യാറാക്കിയിട്ടുള്ള ഡിസൈൻ പ്രകാരം 600 mm നീളത്തിൽ IRC നിഷ്കർഷിക്കുന്ന 1 in 12.7 എന്ന ഗ്രേഡിയെന്റിനെക്കാളും താഴ്ന്ന 1 in 11.4 മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ. മേൽ വിഷയത്തിൽ ഉചിതമായ നിർദ്ദേശം നൽകണമെന്ന ചീഫ് എഞ്ചിനീയറുടെ അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ